Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 987/PDC 3/2021/കെ ഡബ്ല്യു എ

തീയതി: 14.01.2021

**<u>സർക്കുലർ</u>**

വിഷയം:- കേരള വാട്ടർ അതോറിറ്റി - പെൻഷൻ വിതരണ സെൽ - സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച്.

സൂചന :- 1. സ.ഉ(എം.എസ്) നം.97/2020/ ധന തീയതി, 23.09.2020.
2. സ.ഉ(എം.എസ്) നം.100 /2020/ ധന തീയതി, 30.09.2020.

സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അനുബന്ധ നിർദേശങ്ങളും ക്രോഡീകരിച്ച് പുറപ്പെടുവിച്ച സൂചനകളിലെ ഉത്തരവുകൾ അനുബന്ധമായിച്ചേർക്കുന്നു. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ/ 2000 രൂപയിൽ അധികം എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ ലഭിക്കുന്നവർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റാൻ പാടുള്ളതല്ല.

മേൽപറയുന്നവരിൽ ആരെങ്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നുണ്ടെങ്കിൽ അത് ഒഴിവാക്കേണ്ടതാണ്.

Shijith V
ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ (i/c)

സ്വീകർത്താവ്
എല്ലാ പെൻഷൻകാർക്കും

ഉള്ളടക്കം
സൂചനയിലെ സർക്കാർ ഉത്തരവുകൾ

പകർപ്പ്:-
ഡിബിഎ, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
പി ഐ ഒ - എല്ലാ പ്രധാനപ്പെട്ട വർത്തമാനപ്പത്രത്തിലും പ്രസിദ്ധികരിക്കുന്നതിനായി

Draft #1 of File 987/PDC 3/2021/KWA Approved by Finanace Manager & Chief Accounts Officer(i/c) on 14-Jan-2021 11:35 AM - Page 1

Draft #1 of File 987/PDC 3/2021/KWA Approved by Finanace Manager & Chief Accounts Officer(i/c) on 14-Jan-2021 11:35 AM - Page 2

The document is digitally approved. Hence signature is not needed.

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും - അനുബന്ധ നിർദ്ദേശങ്ങളും - ക്രോഡീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ- ബി) വകുപ്പ്**

സ.ഉ. (എം.എസ്) നം.97/2020/ധന. തീയതി, തിരുവനന്തപുരം 23/09/2020

പരാമർശം:- 1. സ.ഉ.(പി)നം. 363/2013/ധന. തീയതി 27/07/2013.
2. സ.ഉ.(എം.എസ്.) നം. 282/2016/ധന. തീയതി 15/07/2016.
3. സ.ഉ.(എം.എസ്.) നം. 324/2016/ധന. തീയതി 15/08/2016.
4. സ.ഉ. (എം.എസ്.) നം. 437/2016/ധന. തീയതി 08/11/2016.
5. സ.ഉ. (എം.എസ്.) നം. 34/2017/ധന. തീയതി 21/01/2017
6. സ.ഉ. (എം.എസ്.) നം. 67/2017/ധന. തീയതി 06/02/2017.
7. സ.ഉ. (എം.എസ്.) നം. 204/2017/ധന. തീയതി 23/03/2017.
8. സ.ഉ. (എം.എസ്.) നം. 6060/2017/ധന. തീയതി 01/08/2017
9. സ.ഉ. (എം.എസ്.) നം. 483/2017/ധന. തീയതി 06/11/2017
10. സ.ഉ. (എം.എസ്.) നം. 61/2018/ധന. തീയതി 21/02/2018.
11. സ.ഉ. (എം.എസ്.) നം. 241/2018/ധന. തീയതി 06/07/2018.
12. സർക്കുലർ നം. 69/2018/ധന. തീയതി 26/07/2018.
13. സ.ഉ (എം.എസ്.) നം. 278/2018/ധന. തീയതി 03/08/2018.
14. സർക്കുലർ നം. 96/2018/ധന. തീയതി 23/10/2018.
15. സ.ഉ. (എം.എസ്.) നം. 59/2019/ധന. തീയതി 31/01/2019.
16. സ.ഉ. (എം.എസ്) നം. 88/2019/ധന. തീയതി 15/02/2019
17. സ.ഉ.(എം.എസ്.)നം. 90/2019/ധന. തീയതി 16/02/2019.
18. സ.ഉ.(എം.എസ്.)നം. 93/2019/ധന. തീയതി 21/02/2019.
19. സർക്കുലർ നം. 22/2019/ധന. തീയതി 11/03/2019.
20. സർക്കുലർ നം. 35/2019/ധന. തീയതി 25/04/2019.
21. സ.ഉ. (എം.എസ്.) നം. 251/2019/ധന. തീയതി 03.07.2019
22. സർക്കുലർ നം. 90/2019/ധന. തീയതി 18/11/2019.
23. സർക്കുലർ നം. 97/2019/ധന. തീയതി 11/12/2019.
24. സർക്കുലർ നം. 04/2020/ധന. തീയതി 16/01/2020.
25. സ.ഉ.(സാധാ)നം.419/2020/ധന. തീയതി 16/01/2020
26. സർക്കുലർ നം. 07/2020/ധന. തീയതി 23/01/2020
27. സർക്കുലർ നം. 10/2020/ധന. തീയതി 13/02/2020.
28. സർക്കുലർ നം. 17/2020/ധന. തീയതി 31/03/2020.
29. സർക്കുലർ നം. 31/2020/ധന. തീയതി 08/06/2020.

30. സർക്കുലർ നം. 37/2020/ധന. തീയതി 23/06/2020.
31. സർക്കുലർ നം. 38/2020/ധന. തീയതി 24/06/2020.
32. സർക്കുലർ നം. 48/2020/ധന. തീയതി 26/08/2020.

## <u>ഉത്തരവ്</u>

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിയ്ക്കുന്നത്. അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിയ്ക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നു വെന്ന് ഉറപ്പാക്കേണ്ടതുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നത് പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദവും പ്രയോജനവുമായിരിക്കും. ആകയാൽ ഉത്തരവുകളും അനുബന്ധ നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

### എ. സാമൂഹ്യ സുരക്ഷാ പെൻഷനുള്ള പൊതു മാനദണ്ഡങ്ങൾ

1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. (വിവാഹിതരായ മക്കളുടെ വരുമാനം കണക്കിലെടുക്കേണ്ടതില്ല)
2. അപേക്ഷകൻ സർവ്വീസ് പെൻഷണർ / കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്.(2000 രൂപ വരെ എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകമല്ല)
3. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്.
4. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല).
5. 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള , ടാക്സിയല്ലാത്ത , നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസഡർ കാർ ഒഴികെ) സ്വന്തമായുള്ള വ്യക്തികളാകരുത്.
6. അപേക്ഷകൻ കേന്ദ്രസർക്കാർ/ മറ്റുസംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം/പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്ന വ്യക്തിയാകരുത്.
7. അപേക്ഷകൻ കേന്ദ്ര/ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തിയാകരുത്.

## ബി. ഓരോ ഇനം പെൻഷനുമുള്ള പ്രത്യേക മാനദണ്ഡങ്ങൾ

### 1. വാർദ്ധക്യകാല പെൻഷൻ

I) പെൻഷന് അർഹതയ്ക്കുള്ള കുറഞ്ഞപ്രായം 60 വയസ്സാണ്.

ii) 75 വയസ്സിനു മുകളിലുള്ളവർക്ക് വർദ്ധിച്ച നിരക്കിൽ പെൻഷന് അർഹതയുണ്ട് (നിലവിൽ 1500/- രൂപ) (01.04.2016 മുതൽ)

### 2. കർഷക തൊഴിലാളി പെൻഷൻ

i) 60 വയസ്സോ അതിനു മുകളിലോ ആയിരിക്കണം

ii) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം

### 3. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ

I) അപേക്ഷക 50 വയസ്സ് പൂർത്തിയാക്കിയിരിക്കണം.

ii) അപേക്ഷക അവിവാഹിതയായിരിക്കണം

### 4. വിധവാ പെൻഷൻ

i) ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയവർക്കു മാത്രമേ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുള്ളൂ. അപ്രകാരം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ 7 വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലാ എന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ പ്രാദേശിക സർക്കാർ എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതും സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്യേണ്ടതുമാണ്.

ii) ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുണ്ട്.

iii) നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ല. അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

iv) ഖണ്ഡിക 4(ii) പ്രകാരം ഉപേക്ഷിക്കപ്പെട്ടതല്ലാതെ ഭർത്താവിൽ നിന്നും അകന്നു കഴിയുന്ന വിധവയല്ലാത്ത വ്യക്തികൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല.

ഈ നിർദ്ദേശങ്ങൾ നിലവിൽ വിധവാ പെൻഷൻ വാങ്ങുന്നവർക്കും ബാധകമാകയാൽ പെൻഷൻ ലഭിച്ചുവരുന്നവരുടെ അർഹത മേൽ നിബന്ധനകൾ പ്രകാരം പുന:പരിശോധിക്കേണ്ടതും അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ ലഭിക്കുന്നുള്ളുവെന്ന് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 5. വികലാംഗ പെൻഷൻ

i) വികലാംഗനായ വ്യക്തിക്ക് വികലാംഗ പെൻഷനു പുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും .

ii) വികലാംഗ പെൻഷൻ ഗുണഭോക്താവ് ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്ന വ്യക്തിയാണെങ്കിൽ രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹനല്ല .

iii) നിലവിൽ വികലാംഗ പെൻഷൻ ഒഴികെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചു വരുന്ന വികലാംഗനായ വ്യക്തിക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി വികലാംഗ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

iv) തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമേ വികലാംഗ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. അത്തരക്കാർക്ക് മറ്റ് വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

## സി. മറ്റ് മാനദണ്ഡങ്ങൾ / നിർദ്ദേശങ്ങൾ

1. 06/02/2017-നു മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

2. 06/02/2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ .

3. തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06/07/2018 തീയതിക്ക് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്.

4. പ്രതിമാസം 2000/- രൂപ വരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും. എന്നാൽ പ്രതിമാസം 2000/- രൂപയ്ക്കു മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

5. പ്രതിമാസം 2000/- രൂപ വരെ ഇ.പി.എഫ്. പെൻഷൻ ലഭിയ്ക്കുന്നവരുടെ കാര്യത്തിൽ ഇ.പി.എഫ്. പെൻഷൻ ലഭിയ്ക്കുന്ന ബാങ്ക് പാസ്സ് ബുക്കോ മറ്റ് ബന്ധപ്പെട്ട രേഖകളോ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമേ ഉയർന്ന

നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിയ്ക്കപ്പെടുന്നുള്ളൂ എന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ/ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവുമാർ ഉറപ്പ് വരുത്തേണ്ടതും പ്രസ്തുത പാസ്സ് ബുക്കിന്റെ/ ബന്ധപ്പെട്ട രേഖയുടെ പകർപ്പ് സേവന സോഫ്റ്റ്-വെയറിൽ അപ്-ലോഡ് ചെയ്യേണ്ടതുമാണ്.

6. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ കുടുംബ പെൻഷണർമാർ നിലവിൽ മറ്റു സാമൂഹ്യസുരക്ഷാ പെൻഷൻ/ ക്ഷേമനിധിബോർഡ് പെൻഷൻ കൈപ്പറ്റാത്തവരാണെങ്കിൽ അവർക്ക് ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണ നിരക്കിൽ ലഭിയ്ക്കുവാൻ അർഹതയുണ്ട്.

7. പെൻഷൻ ഗുണഭോക്താക്കൾ/ പുതിയ അപേക്ഷകർ ആധാർ നമ്പർ പ്രാദേശിക സർക്കാരിൽ ലഭ്യമാക്കണം. ആധാർ നമ്പർ ഇതുവരെ ലഭിച്ചിട്ടില്ലാത്തവരുടെ കാര്യത്തിൽ ഇക്കാര്യം പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യമാകുന്ന പക്ഷം തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ, റേഷൻ കാർഡോ സ്വീകരിച്ച് കൊണ്ട് പെൻഷൻ നൽകാവുന്നതാണ്. ആധാർ നമ്പർ ലഭിക്കുന്നതുവരെ മാത്രമേ ഇത്തരത്തിലുള്ള ഇളവ് അനുവദിക്കുകയുള്ളൂ .

8. പട്ടിക വർഗ്ഗത്തിൽപ്പെടുന്ന പെൻഷൻ അപേക്ഷകർ / കിടപ്പ് രോഗികൾ / 80 വയസ്സ് കഴിഞ്ഞവർ എന്നിവർക്ക് ആധാർ അടക്കമുള്ള മറ്റ് രേഖകൾ ഇല്ലായെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായം നിർണ്ണയിച്ച് പെൻഷൻ അനുവദിക്കുന്ന രീതി തുടരാവുന്നതാണ്.

9. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും അപേക്ഷകന്റെ മറ്റ് ഭൗതിക സാഹചര്യങ്ങളും ജീവിത നിലവാരവും പരിശോധിച്ചും മാത്രമേ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ .

10. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി അർഹരായ ഗുണഭോക്താക്കളുടെ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാർ കമ്മിറ്റി അംഗീകരിച്ച് അപേക്ഷയിലെ വിവരങ്ങൾ സേവനയിൽ ഡാറ്റാ എൻട്രി നടത്തി പ്രാദേശിക സർക്കാർ സെക്രട്ടറി /ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഡിജിറ്റലായി ഒപ്പുവയ്ക്കുന്ന തീയതി മുതൽക്ക് മാത്രമേ ആദ്യ പെൻഷൻ ലഭിയ്ക്കുന്നതിന് അർഹതയുള്ളൂ.

11. വിധവാ പെൻഷൻ വാങ്ങുന്ന 60 വയസ്സിൽ താഴെയുള്ള ഗുണഭോക്താവ് താൻ വിവാഹം / പുനർ വിവാഹം ചെയ്തിട്ടില്ല എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിയ്ക്കേണ്ടതാണ്. ഇത്തരത്തിൽ സർട്ടിഫിക്കറ്റ് സമർപ്പിയ്ക്കാത്ത വിധവാ പെൻഷൻ/ അവിവാഹിത പെൻഷൻ ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രസ്തുത സർട്ടിഫിക്കറ്റ് സമർപ്പിയ്ക്കുന്നതുവരെ താത്ക്കാലികമായി തടഞ്ഞുവയ്ക്കേണ്ടതും, സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രാദേശിക സർക്കാർ സെക്രട്ടറി പെൻഷൻ പുനഃസ്ഥാപിച്ചു നൽകേണ്ടതുമാണ്.

12. മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം

പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

13. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

14. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തരമായി ഒഴിവാക്കേണ്ടതാണ്. ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

15. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

16. എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകരും/ ഗുണഭോക്താക്കളും താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്.

i) താൻ കേന്ദ്ര/ സംസ്ഥാന സർവ്വീസ് പെൻഷണർ/ കുടുംബ പെൻഷണർ അല്ല.
ii) താൻ കേന്ദ്ര/ സംസ്ഥാന പൊതുമേഖലാ സ്ഥാപന പെൻഷണർ/ കുടുംബ പെൻഷണർ അല്ല.
iii) താൻ ആദായ നികുതി നൽകുന്നില്ല.
iv) തന്റേയോ തന്റെ കുടുംബത്തിന്റേയോ പേരിൽ 2 ഏക്കറിൽ കൂടുതൽ ഭൂമിയില്ല. (ഈ നിബന്ധന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമല്ല.)

17. എല്ലാ വകുപ്പ് തലവന്മാരും, യൂണിവേഴ്സിറ്റികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ തലവന്മാരും, മറ്റ് സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ തലവന്മാരും തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നവർ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച അറിയിപ്പ് ജീവനക്കാർക്ക് നൽകേണ്ടതുമാണ്. സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും വാങ്ങുന്നതായി ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ പെൻഷൻ തുക തിരിച്ചു പിടിക്കുന്നതിനോടൊപ്പം വകുപ്പുതല അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്.

18. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് ഒരു മാസമോ അതിലധികമോ കാലം റിമാൻഡിൽ കഴിയുകയോ/ ജയിലിൽ അടയ്ക്കപ്പെടുകയോ ചെയ്യുന്നപക്ഷം പ്രസ്തുത കാലയളലിലെ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. ഇപ്രകാരം ഒരു മാസത്തിലധികം റിമാൻഡ് ചെയ്യപ്പെടുന്നവരുടെ/ ജയിലിൽ അടയ്ക്കപ്പെടുന്നവരുടെ വിവരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ജയിൽ വകുപ്പ് മേധാവി അതാത് പ്രാദേശിക സർക്കാരുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതും, ഇപ്രകാരം ലഭിയ്ക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ള പക്ഷം അത്തരക്കാരെ പെൻഷൻ ഗുണഭോക്തൃ

ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഒഴിവാക്കേണ്ടതും റിമാൻഡ്/ ശിക്ഷാ കാലാവധി കഴിയുന്ന മുറയ്ക്ക് പെൻഷൻ പുന:സ്ഥാപിച്ച് നൽകേണ്ടതുമാണ്.

## 19. വിവിധ കാരണങ്ങളാൽ ആധാർ എടുക്കാൻ കഴിയാത്ത അർഹരായ അപേക്ഷകരുടെ പെൻഷൻ ഡാറ്റാ എൻട്രി

i. ഗുണഭോക്താവിന് ആധാർ എടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ആധാർ എൻറോൾമെന്റ് ഏജൻസിയിൽ (അക്ഷയ) നിന്നും ഒരു മാസത്തിനുള്ളിൽ ലഭിച്ച രേഖ, ഗുണഭോക്താവ് മറ്റ് പെൻഷനുകൾ വാങ്ങുന്നില്ല എന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷയോടൊപ്പം പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

ii. ഗുണഭോക്താവ് ആധാർ എടുക്കാത്ത വ്യക്തിയാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ഉത്തമ ബോധ്യം ഉണ്ടാകുന്ന അവസരത്തിൽ സേവനയിൽ ആധാർ എടുക്കാൻ കഴിയാത്ത വ്യക്തി എന്ന് അടയാളപ്പെടുത്തുക.

iii. ഗുണഭോക്താവിന്റെ റേഷൻ കാർഡ് നമ്പർ സേവനയിൽ ഉൾപ്പെടുത്തേണ്ടതാണ്.

iv. തുടർന്ന് ഖണ്ഡിക 19(i) -ൽ പരാമർശിച്ചിരിക്കുന്ന രേഖകൾ സേവനയിൽ അപ് ലോഡ് ചെയ്ത് സബ്മിറ്റ് ചെയ്യുക

v. ഇത്തരത്തിൽ സബ്മിറ്റ് ചെയ്ത ഡാറ്റ ഡി.ബി.ടി. സെല്ലിന്റേയോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടേയോ അംഗീകാരത്തിനായി സേവന മുഖാന്തിരം ലഭിക്കുന്നു. ഡി. ബി. ടി സെല്ലിന്റെ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിച്ച ശേഷം പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ഡാറ്റാ എൻട്രി ചെയ്ത് പെൻഷൻ അനുവദിക്കാവുന്നതാണ്.

## 20. മാനസിക രോഗം ഉള്ളവർ, ഓട്ടിസം ബാധിച്ചവർ എന്നിവരുടെ ഡാറ്റാ എൻട്രി

i. മാനസിക രോഗം ഉള്ളവർ, ഓട്ടിസം ബാധിച്ചവർ എന്നിവരിൽ രോഗാധിക്യം കാരണം ആധാർ എൻറോൾമെന്റ് ഏജൻസിയിൽ എത്താൻ കഴിയാത്തതിനാൽ ആധാർ എടുക്കാൻ കഴിഞ്ഞിട്ടില്ലാത്തവർക്ക് ആധാർ ഇല്ലാതെ തന്നെ പെൻഷൻ അനുവദിക്കാവുന്നതാണ്.

ii. ആധാറിന് പകരം പെൻഷൻ അപേക്ഷക/അപേക്ഷകൻ മാനസികരോഗിയാണ് / ഓട്ടിസം ബാധിച്ച വ്യക്തിയാണെന്ന് സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

iii. പെൻഷൻ ഗുണഭോക്താവിന് ആധാർ എടുക്കുന്നതിലേക്ക് എൻറോൾമെന്റ് ഏജൻസിയിൽ എത്തുന്നതിനോ ഏജൻസി മുഖാന്തിരം വീട്ടിൽ വന്ന് ആധാർ എടുക്കുന്നതിനോ സാധിക്കുന്നില്ല എന്ന ഐ. സി. ഡി. എസ്. സൂപ്പർവൈസറുടെ അല്ലെങ്കിൽ അസ്സിസ്റ്റന്റ് സർജനിൽ കുറയാതെയുള്ള ഗവണ്മെന്റ് ഡോക്ടറുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് (സർട്ടിഫിക്കറ്റിന്റെ മാതൃക ഉള്ളടക്കം ചെയ്യുന്നു).

iv. അപേക്ഷകൻ / അപേക്ഷക മാനസിക രോഗമുള്ള / ഓട്ടിസം ബാധിച്ച വ്യക്തിയാണ് എന്ന് സേവനയിൽ അടയാളപ്പെടുത്തുക.

v. തുടർന്ന് ഖണ്ഡിക 20(ii),(iii)-കളിൽ പരാമർശിച്ചിരിക്കുന്ന രേഖകൾ ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ട റേഷൻകാർഡിന്റെ പകർപ്പ് എന്നിവ സേവനയിൽ അപ് ലോഡ് ചെയ്ത് സബ്മിറ്റ് ചെയ്യുക

vi. ഇത്തരത്തിൽ സബ്മിറ്റ് ചെയ്ത ഡാറ്റ ഡി.ബി.ടി. സെൽ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ അംഗീകാരത്തിനായി സേവന മുഖാന്തിരം ലഭിക്കുന്നു. ഡി. ബി. ടി സെല്ലിന്റെ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിച്ച ഡാറ്റ തിരിച്ച് പ്രാദേശിക സർക്കാരിൽ ലഭിക്കുന്നു. തുടർന്ന് ഡാറ്റ എൻട്രി ചെയ്ത് പെൻഷൻ അനുവദിക്കാവുന്നതാണ്.

**ഡി. ഭൗതിക സാഹചര്യങ്ങളുടെ പരിശോധന സംബന്ധിച്ച്**

സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താവിന്റെ / അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ താഴെ വിശദീകരിച്ചിട്ടുള്ള വിഭാഗത്തിലുള്ളവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുള്ള ഗണത്തിൽപ്പെടുന്നു.

1. 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ
2. താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷണർ ഉള്ളവർ
3. കുടുംബത്തിൽ 1000 സി.സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി വാഹനങ്ങൾ ഉള്ളവർ

**ഇ. പ്രായം തെളിയിക്കുന്നതിന് നൽകാവുന്ന രേഖകൾ**

ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ സർട്ടിഫിക്കറ്റ് എന്നീ ആധികാരിക രേഖകൾ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ്. മേൽ രേഖകളുടെ അഭാവത്തിൽ മാത്രം അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെന്ന സ്വയം സാക്ഷ്യപത്രത്തിനുമേൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ്. ഈ വ്യവസ്ഥ ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയാൽ അത്തരക്കാർ കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതോടൊപ്പം തുടർന്ന് അവർക്ക് സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ യാതൊരുവിധ ധന സഹായങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതുമല്ല.

**21.** മേൽ മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമായി അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കാതെയും അനർഹരായവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുകയും വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയും അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും ബാധ്യസ്ഥരായിരിക്കും.

**22.** അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 00110102300269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്. തിരിച്ചടച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ പാദവാർഷിക പത്രികയായി ധനകാര്യ (എസ്.എഫ്.സി.-ബി) വകുപ്പിൽ

ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
ഡയറക്ടർ ജനറൽ, പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് വകുപ്പ്
ഡയറക്ടർ, അക്ഷയ
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവുമാർക്കും
എല്ലാ വകുപ്പ് തലവന്മാർക്കും
എല്ലാ യൂണിവേഴ്സിറ്റികളിലേയും രജിസ്ട്രാർമാർക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചീഫ് എക്സിക്യൂട്ടീവുമാർക്കും
(ആമുഖ കത്ത് സഹിതം)
മറ്റ് സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ തലവന്മാർക്ക്
(ആമുഖ കത്ത് സഹിതം)
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(നം.1519504/എസ്.എഫ്.സി ബി2/2020/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## സർട്ടിഫിക്കറ്റ്

(24.06.2020 തീയതിയിലെ സർക്കാർ പരിപത്രം നം. 38/2020/ധന.-ലെ ഖണ്ഡിക 2 (iii) പ്രകാരം ഐ.സി.ഡി.എസ്.സൂപ്പർവൈസർ / അസിസ്റ്റന്റ് സർജനിൽ കുറയാതെയുള്ള ഗവണ്മെന്റ് ഡോക്ടർ നൽകുന്നത്)

ശ്രീ / ശ്രീമതി ..........................................................................................................(പേര്)

..........................................................................................................................................

..........................................................................................................................(വിലാസം)

..........................................................................................................................................-ലെ

(പ്രാദേശിക സർക്കാർ) സ്ഥിരം താമസക്കാരനാണെന്നും അപേക്ഷകൻ / അപേക്ഷക മാനസിക രോഗം / ഓട്ടിസം ബാധിച്ച വ്യക്തിയാണെന്നും അക്കാരണത്താൽ ഗുണഭോക്താവിന് ആധാർ എടുക്കുന്നതിലേക്ക് എൻറോൾമെന്റ് ഏജൻസിയിൽ എത്തുന്നതിനോ ഏജൻസി മുഖാന്തിരം വീട്ടിൽ വന്ന് ആധാർ എടുക്കുന്നതിനോ സാധിക്കുന്നില്ല എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഇത് സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്ക് ..........................................................

..........................................................................................................................................-ൽ

(പ്രാദേശിക സർക്കാർ) സമർപ്പിക്കുന്നതിലേക്ക് നൽകുന്നതാണ്.

സ്ഥലം: ഒപ്പ്

തീയതി: പേര്

ഔദ്യോഗിക മേൽവിലാസം

(ഓഫീസ് സീൽ)

## CERTIFICATE

(Issued by Medical Officer not below the rank of assistant surgeon/ICDS supervisor as per para 2 of Circular No.38/2020/Fin Dated 24/06/2020)

It is certified that Sri/Smt.......................................................................

................................................... ............................ .......... (Name)

..........................................................................................................

..........................................................................................................

..........................................................................(Address) who is a

permanent resident of ..........................................................................

(Name of GP / Municipality / Municipal Corporation) is suffering from Mental disorder / Autism and due to this he / she can neither appear before aadhaar enrolment agency for taking aadhaar nor the agency can issue aadhaar reaching his home.

This is issued to produce before the Secretary ........................................................................................................................................................................................... (Name of GP/Municipality / Municipal Corporation) for applying Social Security Pension.

Signature:

Place

Date

Name:

Official Address:

(Office Seal)

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്- സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും - അനുബന്ധ നിർദ്ദേശങ്ങളും - ക്രോഡീകരിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ- ബി)**

സ.ഉ. (എം.എസ്) നം.100/2020/ധന. തീയതി, തിരുവനന്തപുരം 30/09/2020

---

പരാമർശം:- സ.ഉ.(എം.എസ്)നം. 97/2020/ധന. തീയതി 23/09/2020

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും ക്രോഡീകരിച്ച് പുറപ്പെടുവിച്ച പരാമർശം ഉത്തരവിലെ അവസാന ഖണ്ഡികകളായ 21, 22 എന്നിവയുടെ ക്രമ നമ്പർ യഥാക്രമം 2, 3 എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ
ഡയറക്ടർ ജനറൽ, പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് വകുപ്പ്
ഡയറക്ടർ, അക്ഷയ
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവുമാർക്കും
എല്ലാ വകുപ്പ് തലവന്മാർക്കും
എല്ലാ യൂണിവേഴ്സിറ്റികളിലേയും രജിസ്ട്രാർമാർക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചീഫ് എക്സിക്യൂട്ടീവുമാർക്കും
(ആമുഖ കത്ത് സഹിതം)
മറ്റ് സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ തലവന്മാർക്ക്
(ആമുഖ കത്ത് സഹിതം)
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(നം.1519504/എസ്.എഫ്.സി ബി2/2020/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ